By Special Messanger.

# കേരള സർക്കാർ

ധനകാര്യ (പിആർസി-എ) വകുപ്പ്

## പരിപത്രം

നമ്പർ 114/2018/ധന. *തിരുവനന്തപുരം, 2018 ഡിസംബർ 3.*

വിഷയം:— റെഗുലർ പ്രൊമോഷൻ ലഭിക്കുന്നതിന് യോഗ്യതാ പരീക്ഷകൾ നിഷ്കർഷിച്ചിട്ടില്ലാത്ത തസ്തികകൾക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്—സ്പഷ്ടീകരണം— പുറപ്പെടുവിക്കുന്നു.

സൂചന:— 1. 20-1-1981-ലെ സ. ഉ. (പി) നമ്പർ 62/81/(282)/ധന.

2. 16-9-1985-ലെ സ. ഉ. (പി) നമ്പർ 515/85/ധന.

3. 8-8-2008-ലെ 46/2008/ധന സർക്കുലർ.

സൂചന 1 സർക്കാർ ഉത്തരവ്, സൂചന 3 സർക്കുലറിലെ ഖണ്ഡിക 14 എന്നിവയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൂചന 2 പ്രകാരമുള്ള നാലാം ശമ്പളപരിഷ്കരണം മുതലുള്ള എല്ലാ ശമ്പളപരിഷ്കരണ ഉത്തരവുകളിലും സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുമ്പോൾ റെഗുലർ പ്രൊമോഷനുവേണ്ട യോഗ്യത നേടിയവർക്ക് മാത്രമേ പ്രൊമോഷൻ തസ്തികയുടെ ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുകയുള്ളൂ എന്നും പ്രൊമോഷനുവേണ്ട യോഗ്യത നേടിയിട്ടില്ലാത്തവർക്ക് അയോഗ്യതാ സ്കെയിലിൽ മാത്രമേ പ്രസ്തുത ഗ്രേഡ് അനുവദിക്കുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

2. സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഉത്തരവുപ്രകാരം പ്രൊമോഷന് വേണ്ടി പ്രത്യേകിച്ച് വകുപ്പുതല പരീക്ഷകൾ ഒന്നുംതന്നെ നിഷ്കർഷിച്ചിട്ടില്ലാത്ത തസ്തികകൾക്ക്, പ്രൊമോഷനുവേണ്ട യോഗ്യതയായി പ്രസ്തുത

തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതുണ്ട്. KS&SSR ചട്ടം 28 a (i) പ്രകാരം ഫീഡർ തസ്തികയിൽ നിന്നുമുള്ള പ്രൊമോഷന് പ്രൊബേഷൻ പൂർത്തീകരണം ആവശ്യമാണ്. റെഗുലർ പ്രൊമോഷൻ ലഭിക്കുന്നതിന് വകുപ്പുതല പരീക്ഷകൾ നിഷ്കർഷിച്ചിട്ടില്ലാത്ത തസ്തികകളിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുമ്പോൾ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് സ്റ്റാൻഡേർഡ് സ്കെയിൽ ഓഫ് പേ പട്ടികയിൽ പ്രവേശന തസ്തികയുടെ ശമ്പളസ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലിൽ അനുവദിക്കേണ്ടതും നിരീക്ഷണകാലം പൂർത്തീകരിക്കുന്ന തീയതി പ്രാബല്യത്തിൽ പ്രസ്തുത ഗ്രേഡ് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിലും/ടേബിൾ സ്കെയിലിലും ക്രമീകരിക്കേണ്ടതുമാണ്. വാർ/മിലിട്ടറി സർവ്വീസ് കണക്കാക്കി വിമുക്തഭടന്മാർക്ക് ആദ്യ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുമ്പോഴും ഈ വ്യവസ്ഥകൾ ബാധകമാണ് എന്ന് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

ഡോ. ഷർമ്മിള മേരി ജോസഫ്,
*ധനകാര്യ സെക്രട്ടറി (വ്യയം).*

<u>പകർപ്പ്</u>:

അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ.), കേരളം, തിരുവനന്തപുരം.

എല്ലാ ഭരണവകുപ്പുകൾക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---